ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN

നോമ്പുകാലം - 2018

Vol.9 Issue 8



പ്രിയപ്പെട്ട

**ജോസഫ് അറയ്ക്കപ്പറമ്പിൽ**

അച്ചന്

പൊൻകുന്നം ഇടവകയുടെ

സ്നേഹനിർഭരമായ

യാത്രാമംഗളങ്ങളും

പ്രാർത്ഥനാശംസകളും...





ബഹു. മാത്യു

**വാണിയപുരയ്ക്കൽ**

അച്ചന്

പൊൻകുന്നം ഇടവകയിലേയ്ക്ക്

ഹാർദ്ദമായ

## സ്വാഗതം!

## ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | - | 2 |
| ഇടയമൊഴി | - | 3 |
| വിളക്ക് | - | 7 |
| ഇടവക വിശേഷങ്ങളിലൂടെ | - | 9 |
| നിയമബോധനം | - | 15 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | - | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - | ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ | 9562765688 |
| സബ് എഡിറ്റേഴ്സ് | - | റോബിൻ കട്ടിക്കാരൻ | 9446602386 |
| | - | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |
| | | മരിയ മടുക്കക്കുഴി | |



Published by : The Vicar, Holy Family Forane Church, Ponkunnam. Ph: 04828- 221368

Layout & Printing: General Offset Ponkunnam Ph: 222564, 9495496974

2018 ഫെബ്രുവരി ലക്കം

## മുഖമൊഴി

"സന്തോഷംകൊണ്ട് നിറഞ്ഞിരിക്കുന്നവൻ വാക്കുകൾ കൂടാതെ പ്രസംഗിക്കുന്നു" - മദർ തെരേസ. സന്തോഷം വ്യക്തിപരമായ ഒരനുഭവമാണ്. നിലനിൽക്കുന്ന സന്തോഷം ഈ ലോകത്തിന്റെ നശ്വരമൂല്യങ്ങളിലല്ല, അനശ്വരമായ ആത്മീയ മൂല്യങ്ങളിലാണ് എന്ന് എല്ലാ മതങ്ങളും മനുഷ്യനെ പഠിപ്പിക്കുന്നു.

സന്തോഷം വില കൊടുത്ത് വാങ്ങാനാവില്ല. അതിനാലാണ് പല സമ്പന്നരും നിരാശരായി ഉത്കണ്ഠയോടെ ജീവിക്കുന്നത്. 'അപരന്റെ സന്തോഷം എന്റെ ഉത്തരവാദിത്തമാണ്' എന്ന ബോധ്യമാണ് സ്നേഹം. സ്നേഹം കൊടുക്കുമ്പോൾ നമുക്ക് അളന്ന് കിട്ടുന്ന പ്രതിഫലമാണ് സന്തോഷം.

'മറ്റുള്ളവരെ സന്തോഷിപ്പിക്കണമോ, കരുണ പരിശീലിക്കുക; നിന്നെത്തന്നെ സന്തോഷിപ്പിക്കണമോ, കരുണ പരിശീലിക്കുക" എന്ന ദലൈലാമയുടെ വാക്കുകളിലും സന്തോഷത്തിന്റെ രഹസ്യം വെളിവാകുന്നു.

നമ്മുടെ ഉള്ളിലുള്ള കരുണയുടെ ഒഴുക്കിനെ തടസപ്പെടുത്തുന്ന ഒന്നാണ് കോപം. അകാരണമായ കോപം, നിയന്ത്രണമില്ലാത്ത രോഷ പ്രകടനങ്ങൾ  തുടങ്ങിയവ ഭവനങ്ങളിലും സമൂഹത്തിലും സംഘടനകളിലും ജീർണ്ണത ബാധിക്കുവാൻ കാരണമാകുന്നു. മക്കൾ മാതാപിതാക്കളുടെയും മാതാപിതാക്കൾ മക്കളുടെയും വരെ ജീവനെടുക്കുന്ന അവസ്ഥയിലേയ്ക്ക് ഈ അധമവികാരം മനുഷ്യനെ കൊണ്ടെത്തിച്ചിരിക്കുന്നു.

കോപത്തിന് അതീതരായി വളരുന്നത് നമുക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമയി ഉണ്ടാകാനും ഉപകരിക്കുന്നു.

ഈ നോമ്പ് കാലത്ത് ആരോടും അകാരണമായി കോപിക്കില്ല എന്ന നിയോഗം ജീവിതത്തിൽ നടപ്പിൽ വരുത്തിക്കൊണ്ട് "നിങ്ങൾ എപ്പോഴും സന്തോഷിക്കുവിൻ" എന്ന വിശുദ്ധ പൗലോസിന്റെ വാക്കുകൾക്ക് ജീവൻ കൊടുക്കാം. പക്ഷെ സമൂഹത്തിലെ തിന്മകൾക്കെതിരെ 'ധാർമികരോഷം' ഉണരുക തന്നെ വേണം.



# ഇടയമൊഴി

ഈശോയിൽ പ്രിയ സ്നേഹിതരേ,



പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്ന നോമ്പുകാലത്തേയ്ക്ക് ക്രൈസ്തവലോകം പ്രവേശിക്കുകയാണല്ലോ. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം ദൈവതിരുമനസ്സിന് വിധേയമാക്കിയ മിശിഹായോടുചേർന്ന് നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്ത് ദൈവ മക്കളുടെ സ്വാതന്ത്ര്യത്തിൽ ജീവിക്കുവാനുള്ള തീവ്രശ്രമമാണ് നോമ്പുകാലത്ത് നാം നടത്തുന്നത്.

ജീവിതം ദൈവത്തിന്റെ ദാനമാണെന്നും എത്രയൊക്കെ വളർന്നാലും നാം ദൈവത്തിൽ ആശ്രയിച്ച് ജീവിക്കേണ്ടവരാണെന്നും നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. ഭക്ഷണപാനീയങ്ങ ൾ വർജ്ജിക്കുക മാത്രമല്ല ആത്മീയ അധ:പതനത്തിലേയ്ക്ക് നയിക്കുന്നതും ജീവിതത്തിന്റെ സന്തോഷവും സ്വാതന്ത്ര്യവും നഷ്ടപ്പെടുത്തുന്നതുമായ എല്ലാ തിന്മകൾക്കുമെതിരെ വാതിലടയ്ക്കുകയാണ് നാം ചേയ്യേണ്ടത്. മോശപ്പെട്ട കാഴ്ചകളിൽ നിന്ന് നേത്രങ്ങൾക്കും കെട്ടുകഥകളിലും ദുരാരോപണങ്ങളിലും നിന്ന് അധരങ്ങൾക്കും അനീതിയിലും വഞ്ചനയിലും നിന്ന് കൈകാലുകൾക്കും വിലക്ക് ഏർപ്പെടുത്തണം.

നോമ്പും ഉപവാസവും പൂർണ്ണമാകുന്നത് അവയോട്

പ്രാർത്ഥനയും ദാനധർമ്മവും ചേർക്കുമ്പോഴാണ്. നോമ്പുകാലത്ത് കൂടുതൽ തീക്ഷണതയോടെ പ്രാർത്ഥിക്കാനും വചനം ശ്രവിക്കാനും ദിവ്യബലിയിൽ പങ്കുകൊള്ളാനും സത്പ്രവൃത്തികളിൽ വ്യാപൃതരാകാനും നമുക്ക് ശ്രദ്ധവയ്ക്കാം.

നോമ്പുകാലത്ത് തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ 6 നും 7 നും വൈകിട്ട് 5 നും പള്ളിയിൽ വിശുദ്ധ കുർബാന ഉണ്ടായിരിക്കും. രാവിലെ ആദ്യത്തെ കുർബാനയ്ക്കു ശേഷം കുരുശിന്റെ വഴിയും. ബുധനാഴ്ച വൈകിട്ടത്തെ കുർബാനയ്ക്കുശേഷം തിരുക്കുടുംബ നൊവേന. വ്യാഴാഴ്ച വൈകിട്ട് 4.30 മുതൽ അരമണിക്കൂർ ദിവ്യകാരുണ്യ ആരാധന. വെള്ളിയാഴ്ച പതിവുപോലെ ഉപവാസ പ്രാർത്ഥനയും ഉച്ചയ്ക്ക് 12.15 ന് വിശുദ്ധ കുർബാനയും. വെള്ളി, ശനി ദിവസങ്ങളിൽ വൈകുന്നേരം കുർബാന ഉണ്ടായിരിക്കുകയില്ല. ഞായറാഴ്ച പതിവുപോലെ നാല് കുർബാനയും ഉണ്ടായിരിക്കും.

സന്തോഷകരവും ഫലദായകവുമായ നോമ്പുകാലം തന്ന് ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം**

(വികാരിയച്ചൻ)

## നന്ദിയോടെ....

പരിശുദ്ധനും പവിത്രീകരിക്കുന്നവനും ദൈവം മാത്ര മാണ്. അവിടുത്തെ സഹചരന്മാരും സഹായികളുമായി വിശുദ്ധീ കരണ ജോലിക്ക് വിനയത്തോടെ സ്വയം സമർപ്പിക്കുന്നവരാണ് പുരോഹിതർ.

കഴിഞ്ഞ ഒരു വർഷക്കാലം പൊൻകുന്നം ഇടവക യിലെ ദൈവജനത്തിനുവേണ്ടി ശുശ്രൂഷ ചെയ്ത നമ്മുടെ പ്രിയ സിജോ അച്ചൻ, കപ്പാട് ഹോളി ക്രോസ്സ് ഇടവകയിലെ അസി. വികാരിയായി സ്ഥലം മാറിപ്പോകുകയാണ്. പൊൻകുന്നത്ത് അസി. വികാരിയായി സ്ഥാനമേറ്റ അന്നുമുതൽ ബഹു. വികാ രിയച്ചനോടൊപ്പം തന്നിലർപ്പിതമായ വൈദിക ശുശ്രൂഷയുടെ ചുമ തലകൾ അണുവിട തെറ്റാതെ അനുഷ്ഠിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധാലുവായിരുന്നു. വി. കുർബാന മദ്ധ്യേ അച്ചൻ പങ്കുവ യ്ക്കുന്ന ചെറിയ ദൈവവചന പ്രഘോഷണം ഏവരുടേയും ഹൃദ യത്തിൽ ആഴത്തിൽ വേരോടുവാൻ പര്യാപ്തമായിരുന്നു.

വി.കുർബാന കൂടുതൽ സജീവമാകുന്നതിനുവേണ്ടി ഒരുപാട് ശ്രമങ്ങൾ നടത്തിയ അച്ചൻ നമ്മുടെ അൾത്താരബാല സഖ്യത്തെ രൂപതയിലെ തന്നെ ഒന്നാമതാക്കി. ഇടവകയിലെ എല്ലാ സംഘടനകളോടും പ്രവർത്തനങ്ങളോടും ഏറ്റവും ആത്മാർത്ഥ മായ സമീപനമാണ് ശാന്തപ്രകൃതക്കാരനായ അച്ചൻ സ്വീകരിച്ചു വന്നത്.

അച്ചന്റെ പ്രവർത്തനങ്ങൾ വഴി സൺഡേ സ്കൂളിന് നവജീവനും കൂടുതൽ അച്ചടക്കവും ഉണ്ടായി. മാതാപിതാക്കൾ

വിശ്വാസപരിശീലനത്തിന് അല്പം കൂടി ഗൗരവം നൽകിത്തുടങ്ങി.

ഏറ്റവും പരിശുദ്ധമായ വി.കുർബാന അർപ്പിക്കപ്പെടുകയും അത് കാത്തുസൂക്ഷിക്കപ്പെടുകയും ചെയ്യുന്ന സ്ഥലമായ ദൈവാലയവും പരിസരങ്ങളും ഏറ്റവും വൃത്തിയായും മനോഹരമായും സംരക്ഷിക്കപ്പെടണമെന്ന് അച്ചന് നിർബന്ധമുണ്ടായിരുന്നു. പള്ളിമുറ്റത്ത് പൂത്തുലഞ്ഞുനിൽക്കുന്ന പൂക്കൾ അതേറ്റുപറയുന്നു. മാതൃദീപ്തി, യുവദീപ്തി അംഗങ്ങളെ സംഘടിപ്പിച്ച് നട്ട് നനച്ച് വളർത്തിയ പച്ചക്കറിത്തോട്ടം ഈ തലമുറയ്ക്കുള്ള ഒരു നല്ല സന്ദേശമാണ്.

ഇടവക ബുള്ളറ്റിൻ യഥാസമയം പ്രസിദ്ധീകരിക്കുന്നതിലും അച്ചൻ ഏറെ ശ്രദ്ധിച്ചിരുന്നു. ബഹു. വെള്ളമറ്റത്തിലച്ചനോടൊപ്പം ലഭിച്ച ഒരു വർഷത്തെ ശുശ്രൂഷാ പരിചയം സിജോ അച്ചന്റെ ഭാവി ജീവിതത്തിന് ഒരു മുതൽക്കൂട്ടാകുമെന്നതിൽ തെല്ലും സംശയമില്ല. ഒരു നല്ല അജപാലകനും, ഒരു നല്ല സുവിശേഷ പ്രഘോഷകനുമായി ഉത്തരോത്തരം പ്രശോഭിക്കട്ടെയെന്ന് പൊൻകുന്നം ഇടവകാംഗങ്ങൾ ഒന്നിച്ച് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അച്ചൻ ഞങ്ങൾക്ക് പകർന്നു നൽകിയ കലർപ്പില്ലാത്ത സ്നേഹത്തിന് ഞങ്ങൾ നന്ദിപറയുന്നു. പ്രാർത്ഥിക്കുന്നു.

ഇനിയും സിജോ അച്ചൻ അർപ്പിക്കുന്ന ഒരായിരം വി.ബലികളിൽ പൊൻകുന്നം ഇടവകയെ സ്മരിക്കണമെ.

**വർഗീസ് മുതുപ്ലാക്കൽ**

പാരീഷ് കൗൺസിൽ സെക്രട്ടറി

വിളക്ക്

**ഫാ. ജോസഫ്**
അറയ്ക്കപ്പറമ്പിൽ



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

നോമ്പുകാലത്തെ പ്രാർത്ഥനകളിൽ, പ്രത്യേക പ്രാധാന്യം കൊടുത്തിരിക്കുന്നത് ഉപവാസത്തിനും അനുതാപത്തിനുമാണ്. ഉയിർപ്പു തിരുനാളിന് ഒരുക്കമായിട്ടുള്ള നോമ്പിലൂടെ ഉത്ഥിതനായ കർത്താവിന്റെ പുതുജീവനിൽ പങ്കുപറ്റണമെങ്കിൽ ജീവിതചാപല്യങ്ങളെ മാറ്റി നിർത്തി ഉപവാസത്തിലുടെയും പശ്ചാത്താപത്തിലൂടെയും തെറ്റുകൾക്ക് പരിഹാരം ചെയ്തു ജീവിത വിശുദ്ധി നേടേണ്ടിയിരിക്കുന്നു.

ഉപവാസത്തിലൂടെ മാത്രമേ പ്രാർത്ഥനയുടെ ഫലം സിദ്ധിക്കുകയുള്ളു എന്ന് കർത്താവ് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ദൈവഭയമുള്ള, ഈശ്വരാശ്രയമുള്ള മനുഷ്യന്റെ ലക്ഷണങ്ങളാണ് സുഭിക്ഷമായ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുക, ഇന്ദ്രീയാഹ്ളാദകരമായ ഭക്ഷണവസ്തുക്കൾ പരിത്യജിക്കുക എന്നത്. കാരണം, പാപമോചനത്തിനും മാനസാന്തരത്തിനും ഇത് അത്യന്താപേക്ഷിതമാണ്. കാര്യമായ വല്ലതും ചെയ്യുവാൻ ഉപവാസം ആവശ്യമാണ്. ഉപവാസം ദാനധർമ്മം, നീതി എന്നിവയോടുകൂടിയുള്ള പ്രാർത്ഥന ഫലം ചെയ്യുന്നു. ഇത് ദൈവസന്നിധിയിലും മറ്റുള്ളവരുടെ മുമ്പിലും നമ്മെത്തന്നെ എളിമപ്പെടുത്തുന്നതിന് സഹായിക്കുന്നു. ശത്രുമദ്ധ്യേ നമ്മുടെ യാത്ര സുഗമമാകുന്നു. കർത്താവ് മനസ്സുമാറ്റി ശിക്ഷ പിൻവലിക്കുന്നു. ആയതിനാൽ ഉപവാസത്തോടും വിലാപത്തോടും പ്രാർത്ഥനയോടും കൂടെ ഈ നോമ്പുകാലത്ത് നമ്മുടെ കർത്താവിനെ അഭയം പ്രാപിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്ന് ഉദാരമതിയും കാരുണ്യവാനും ക്ഷമാശീലനും സ്നേഹസമ്പന്നനും ശിക്ഷ പിൻവലിക്കുവാൻ സന്നദ്ധനുമാണ്.

സഭയിലെ ഉപവാസത്തെ ജീവന്റെ വൃക്ഷത്തോടാണ് ഉപമിച്ചിരിക്കുന്നത്. അതിന്റെ ഫലങ്ങൾ ഭക്ഷണയോഗ്യവും ഇലകൾ മരുന്നുമാണ്. ഇതിന്റെ ഫലമായി ആദ്ധ്യാത്മിക ചിന്തകളാൽ മനസ്സുനി

റയ്ക്കുകയും ദൈവസ്തുതിക്ക് പ്രേരണ നല്കികൊണ്ട് ബുദ്ധി പവിത്രമാക്കുകയും പ്രലോഭനങ്ങളെ നേരിടാൻ ശരീരം ശക്തിയാർജ്ജിക്കുകയും ചെയ്യുന്നു. ഇങ്ങനെ ആത്മാവിലും ശരീരത്തിലും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതമായ ദൈവാലയമായിത്തീരുന്നു മനുഷ്യൻ.

## ഇന്നത്തെ സുവിശേഷം

ഫെബ്രുവരി- മാർച്ച്

| | | | |
|---|---|---|---|
| ഫെബ്രുവരി | 11 - | മത്താ | 4:1-11 |
| ഫെബ്രുവരി | 12 - | മത്താ | 5:17-26 |
| ഫെബ്രുവരി | 13 - | മത്താ | 5:38-42 |
| ഫെബ്രുവരി | 14 - | മത്താ | 6:5-8 |
| ഫെബ്രുവരി | 15 - | മത്താ | 6:25-34 |
| ഫെബ്രുവരി | 16 - | മത്താ | 7:1-6 |
| ഫെബ്രുവരി | 17 - | മത്താ | 6:9-15 |
| ഫെബ്രുവരി | 18 - | മത്താ | 7:21-27 |
| ഫെബ്രുവരി | 19 - | മർക്കോ | 7:14-23 |
| ഫെബ്രുവരി | 20 - | മത്താ | 7:7-12 |
| ഫെബ്രുവരി | 21 - | മത്താ | 9:1-8 |
| ഫെബ്രുവരി | 22 - | മത്താ | 5:33-37 |
| ഫെബ്രുവരി | 23 - | മർക്കോ | 11:27-33 |
| ഫെബ്രുവരി | 24 - | മത്താ | 11:16-19 |
| ഫെബ്രുവരി | 25 - | മത്താ | 20:17-28 |
| ഫെബ്രുവരി | 26 - | മർക്കോ | 12:28-34 |
| ഫെബ്രുവരി | 27 - | ലൂക്കാ | 21:29-36 |
| ഫെബ്രുവരി | 28 - | മത്താ | 5:43-48 |
| മാർച്ച് | 1 - | മർക്കോ | 12:35-40 |
| മാർച്ച് | 2 - | മർക്കോ | 12:18-27 |
| മാർച്ച് | 3 - | മത്താ | 21:28-32 |
| മാർച്ച് | 4 - | മത്താ | 21:33-44 |
| മാർച്ച് | 5 - | യോഹ | 5:1-18 |
| മാർച്ച് | 6 - | യോഹ | 5:19-23 |
| മാർച്ച് | 7 - | യോഹ | 6:60-69 |
| മാർച്ച് | 8 - | യോഹ | 7:1-13 |
| മാർച്ച് | 9 - | യോഹ | 7:25-31 |
| മാർച്ച് | 10 - | യോഹ | 7:45-53 |
| മാർച്ച് | 11 - | യോഹ | 7:37-39 |
| മാർച്ച് | 12 - | ലൂക്കാ | 18:18-25 |
| മാർച്ച് | 13 - | ലൂക്കാ | 10:33-37 |
| മാർച്ച് | 14 - | യോഹ | 8:1-11 |
| മാർച്ച് | 15 - | ലൂക്കാ | 18:31-34 |
| മാർച്ച് | 16 - | യോഹ | 8:49-59 |
| മാർച്ച് | 17 - | മർക്കോ | 10:1-12 |
| മാർച്ച് | 18 - | യോഹ | 10:11-18 |
| മാർച്ച് | 19 - | മത്താ | 1:18-25 |
| മാർച്ച് | 20 - | ലൂക്കാ | 13:31-35 |
| മാർച്ച് | 21 - | മത്താ | 18:15-20 |
| മാർച്ച് | 22 - | ലൂക്കാ | 3:8-11 |
| മാർച്ച് | 23 - | യോഹ | 5:1-12 |
| മാർച്ച് | 24 - | യോഹ | 11:38-45 |
| മാർച്ച് | 25 - | ലൂക്കാ | 1:26-38 |
| മാർച്ച് | 26 - | യോഹ | 11:47-57 |
| മാർച്ച് | 27 - | യോഹ | 12:20-26 |
| മാർച്ച് | 28 - | യോഹ | 12:27-33 |
| മാർച്ച് | 29 - | യോഹ | 13:1-14 |
| മാർച്ച് | 30 - | ലൂക്കാ | 22:163-12 |
| മാർച്ച് | 31- | മത്താ | 28:1-20 |

# ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. **അദ്ധ്യാപക പരിശീലനം**

   ഉത്ഥാനോത്സവത്തിനൊരുക്കമായി അദ്ധ്യാപകർക്കുവേണ്ടിയുള്ള പരിശീലനം മാർച്ച് 18-ാം തീയതി നടത്തുന്നതാണ്.

2. **വാർഷിക പരീക്ഷ**

   സൺഡേ സ്കൂളിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 2-ാം തീയതി രാവിലെ 10. 00 മുതൽ 12.00 വരെ നടത്തുന്നതാണ്.

3. **ഉത്ഥാനോത്സവം**

   ഈ വർഷത്തെ ഉത്ഥാനോത്സവം ഏപ്രിൽ 3 മുതൽ 8 വരെ തീയതികളിൽ നടത്തുന്നതാണ്.

4. **മിശിഹാനുഭവധ്യാനം**

   സൺഡേസ്ക്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള മിശിഹാനുഭവ ധ്യാനം ഏപ്രിൽ 24 മുതൽ 27 വരെ തീയതികളിൽ തമ്പലയ്ക്കാട് എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## ചെറുപുഷ്പ മിഷൻലീഗ്

1. ഇടവക പെരുന്നാളിന് സ്റ്റാൾ നടത്തി ലഭിച്ച പണം ചികിത്സാസഹായമായി നൽകി.
2. പത്രകളക്ഷനിൽ നിന്നും ലഭിച്ച 5000 രൂപ ചികിത്സാസഹായമായി നൽകി.

3. പച്ചക്കറി, പലചരക്ക് കിറ്റുകൾ വിതരണം നടത്തി.

4. നിലയ്ക്കൽ തീർത്ഥാടനം നടത്തി.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**

## മാതൃവേദി

1. ഇടവകതിരുനാളിനോടനുബന്ധിച്ച് ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ സ്റ്റാൾ നടത്തി.

2. 13-2-2018 ചൊവ്വാഴ്ച രാവിലെ 7 മണി കുർബാനയ്ക്കു ശേഷം മാതൃവേദിയുടെ പൊതുയോഗവും അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സിജോ അറയ്ക്കപറമ്പിലിന് യാത്രയയപ്പു സമ്മേളനവും ഉണ്ടായിരിക്കുന്നതാണ്.


3. 2017 പ്രവർത്തനവർഷത്തിൽ പൊൻകുന്നം ഫൊറോനയിൽ ഏറ്റവും നല്ല യൂണിറ്റായി പൊൻകുന്നം മാതൃവേദി തെരഞ്ഞെടുക്കപ്പെട്ടു.

**ബിന്ദു റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)**

## വിൻസെൻഷ്യൻ വേദി

പതിവു സഹായങ്ങൾക്കു പുറമെ ഒരു രോഗിക്ക് 4000 രൂപയുടെ ചികിത്സാ സഹായം നൽകി.

***തോമസ് നരിതൂക്കിൽ (സെക്രട്ടറി)***



## സി. വൈ. എം. എ.

13-01-2018 ൽ സി.വൈ.എം.എ യുടെ തിരുനാൾ പൊതുയോഗം പുതിയ കെട്ടിടത്തിന്റെ അസംബ്ലി ഹാളിൽ പ്രസുദേന്തിയുടെ സാന്നിദ്ധ്യത്തിൽ നടന്നു. 150 ൽ പരം അംഗങ്ങൾ പങ്കെടുത്തു.

18-01-2018 മുതൽ 21-ാം തീയതി വരെ നടന്ന തിരുനാൾ ക്രമീകരണങ്ങൾക്ക് സി.വൈ.എം.എ. അംഗങ്ങൾ നേതൃത്വം നൽകി.

തിരുനാളിനോടനുബന്ധിച്ച് സി.വൈ.എം.എ യുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന അലങ്കാര മത്സരത്തിന് 40-ൽപരം സ്ഥാപനങ്ങൾ പങ്കെടുത്തു. തിരുനാൾ സമാപന ദിവസം നടന്ന കലാപരിപാടികൾക്ക് മുമ്പായി വിജയികളായവർക്ക് കാഞ്ഞിരപ്പള്ളി എം.എൽ.എ. ഡോ. എൻ. ജയരാജ് സമ്മാനങ്ങൾ വിതരണം ചെയ്തു. 1-ാം സമ്മാനം വക്കച്ചൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, പർണ്ണശാലാ കേറ്ററിംഗ് സ്പോൺസർ ചെയ്ത 10001 രൂപയും ടാക്സി ഡ്രൈവേഴ്സ് ചാരിറ്റബിൾ സൊസൈറ്റിക്ക് ലഭിച്ചു. 2-ാം സമ്മാനം കാഞ്ഞിരപ്പള്ളി പർണ്ണശാലാ ഫ്ളവേഴ്സ് സ്പോൺസർ ചെയ്ത 5001 രൂപയും എവർറോളിംഗ് ട്രോഫിയും ജനമൈത്രി പോലീസ് പൊൻകുന്നത്തിന് ലഭിച്ചു. 3-ാം സമ്മാനം തോമസ് ഏബ്രഹാം & ജോബൻ തോമസ് എവർറോളിംഗ് ട്രോഫിയും അത്തിയാലിൽ പെയിന്റ്സ് സ്പോൺസർ ചെയ്ത 3001 രൂപയും ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ പൊൻകുന്നത്തിന് ലഭിച്ചു. ഈ ഉദ്യമത്തിൽ സഹകരിച്ചവരെയും ജഡ്ജസുമാരെയും നന്ദിയോടെ സ്മരിക്കുന്നു.

*സെക്രട്ടറി, **റ്റിജോ തേക്കുംതോട്ടം***

## യുവദീപ്തി - S.M.Y.M

1. **കരോൾ നടത്തി**

   ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഇടവകയിലെ വീടുകളിലേയ്ക്ക് ക്രിസ്തുമസ്സ് സന്ദേശം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ക്രിസ്തുമസ്സ് കരോൾ നടത്തി.

2. **Down to the Memory Lane**

   പൊൻകുന്നം ഫൊറോന S.M.Y.M ന്റെ ആഭിമുഖ്യത്തിൽ പൊൻകുന്നത്തുവച്ച് നടത്തിയ മുൻ ഫൊറോന ഭരണസമിതി അംഗങ്ങളുടെ സംഗമവും, പ്രവർത്തനവർഷ ഉദ്ഘാടനത്തിലും അംഗങ്ങൾ പങ്കെടുത്തു.

3. **വാർഷിക ധ്യാനം**

   ഇടവകയിലെ വാർഷിക ധ്യാനത്തിനുവേണ്ടിയുള്ള ഒരുക്കങ്ങളിൽ അംഗങ്ങൾ സജീവമായി സഹകരിച്ചു.

4. **യൂണിഫോം നൽകി**

   പള്ളി തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങൾക്ക് ബഹു.

വികാരിയച്ചന്റെ നേതൃത്വത്തിൽ പുതിയ യൂണിഫോം നൽകി.

5. **പള്ളി തിരുനാൾ**

പള്ളി തിരുന്നാളിൽ യുവജനങ്ങൾ തിരുക്കർമ്മങ്ങളിൽ സജീവമായി പങ്കെടുക്കുകയും തിരുനാൾ ഒരുക്കങ്ങളിൽ സഹകരിക്കുകയും ചെയ്തു.

6. **സ്റ്റാൾ നടത്തി**

യുവജനങ്ങളുടെ ഐക്യം വളർത്തുക എന്ന ലക്ഷ്യത്തോടെ പള്ളിപ്പരിസരത്ത് തിരുന്നാളിനോടനുബന്ധിച്ച് പള്ളിവക സ്റ്റാൾ നടത്തി.

7. **വിനോദയാത്ര പോയി**

ബഹു.കൊച്ചച്ചന്റെ നേതൃത്വത്തിൽ യുവജനങ്ങൾ കൊല്ലത്തേയ്ക്ക് വിനോദയാത്ര പോയി.

8. **പരീക്ഷ ഒരുക്ക ധ്യാനം**

പൊൻകുന്നം ഫൊറോനയുടെയും, ഇടവക യുവദീപ്തിയുടെയും സംയുക്താഭിമുഖ്യത്തിൽ പബ്ലിക് പരീക്ഷ എഴുതുന്ന 10,11,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 24-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ പരീക്ഷ ഒരുക്ക ധ്യാനം നടത്തുവാൻ തീരുമാനിച്ചു.

***സച്ചിൻ കുഴിവേലിൽ ( ജന. സെക്രട്ടറി)***

## അസോവ

സംഘടനയുടെ പതിനൊന്നാമത് കമ്മിറ്റിയോഗം 8-2-2018 വ്യാഴാഴ്ച 6 മണിക്ക് ട്രഷറർ കുഴിക്കാട്ട് തോമസ് ആന്റണിയുടെ ഭവനത്തിൽ നടത്തപ്പെടുന്നതാണ്. അജണ്ടയിലെ മുഖ്യവിഷയങ്ങളായ ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഇടവകയിലെ ഉദ്യോഗാർത്ഥികൾക്ക് ജോലി കരസ്ഥമാക്കുന്നതിനാവശ്യമായ ഗൈഡ്ലൈൻസ് നല്കുന്നതിനെക്കുറിച്ചും, വിദ്യാർത്ഥികൾക്ക് അനായാസം പഠനപുരോഗതി ആർജ്ജിക്കുവാനുള്ള അവബോധം നല്കുന്നതിനുള്ള വഴികളെക്കുറിച്ചും ചർച്ച ചെയ്തു തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

**പി.സി. ചാക്കോ പുളിക്കൽ** (സെക്രട്ടറി)

(ഫോൺ: 9446412989)

# കത്തോലിക്കാ കോൺഗ്രസ്

2018 ജനുവരി 28 ഞായറാഴ്ച ഉച്ചകുർബ്ബാനക്കുശേഷം അൽഫോൻസാ ഹാളിൽ ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് ന്യൂനപക്ഷ ക്ഷേമപദ്ധതികളെ കുറിച്ചുള്ള സെമിനാർ രൂപതാ ഡയറക്ടർ റവ.ഫാ. മാത്യു പാലക്കുടി ഉദ് ഘാടനം ചെയ്തു. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം അഡ്വ. ബിന്ദു എം. തോമസ് സെമിനാർ നയിച്ചു. കത്തോലിക്കാ കോൺ ഗ്രസ് തിരുക്കുടുംബ ദൈവലയ യൂണിറ്റ് പ്രസിഡന്റ് അഡ്വ. ബോബൻ മണ്ണാറാത്ത് സ്വാഗതവും സെക്രട്ടറി ശ്രീ. ജോസ് മാനുവൽ കൃതജ്ഞതയും പറഞ്ഞു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയംഗം ശ്രീ. ജയിംസ് പെരുമാകുന്നേൽ പ്രത്യേക ക്ഷണിതാ വായിരുന്നു. കമ്മറ്റിയംഗങ്ങളായ ശ്രീ. ജോണി വയലിൽ, ബേബി കോടിയാട്ട്, ജോസ് തോട്ടത്തിൽ എന്നിവർ ഫലപ്രദമായ രീതിയിൽ സെമിനാറു നടത്തുന്നതിന് നേതൃത്വം നൽകി.

സൺസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന സീനിയർ വിദ്യാർത്ഥികളും മാതാപിതാക്കളും സെമിനാറിൽ പങ്കെടുത്തു.

നമ്മുടെ പള്ളിയുടെ പിറകിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കത്തോലിക്കാ കോൺഗ്രസ് ആഫീസിന്റെ ലറ്റർ ബോക്സിൽ നിക്ഷേപിക്കുന്ന നിയമസഹായങ്ങൾക്കുള്ള ഇടവക ജനങ്ങളുടെ അഭ്യർത്ഥനകളും വിവിധ ന്യൂനപക്ഷ ക്ഷേമപദ്ധതികൾ ലഭിക്കുന്നതിനുവേണ്ട ഉപദേശങ്ങളും 2018 മാർച്ച് 1 മുതൽ ലഭ്യമാണ്. അപേക്ഷകരുടെ ശരിയായ വിലാസമോ, ഫോൺ നമ്പരോ, ഇല്ലാത്തവ പരിഗണിക്കുന്നതല്ല. വലിയ നോമ്പിനു ശേഷം നമ്മുടെ ഇടവകയിൽപ്പെട്ട വെറ്ററൻസിനുവേണ്ടി കാലാകായിക മത്സരങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

**ജോസ് മാനുവൽ** (സെക്രട്ടറി)
(ഫോൺ: 9895276214)

# പിതൃവേദി

പിതൃവേദിയുടെ ആഫീസ് വെഞ്ചെരിപ്പും വി. യൗസേപ്പ് പിതാവിന്റെ തിരുസ്വരൂപ വെഞ്ചെരിപ്പും 9-1-18 ൽ ബഹു. വികാരിയച്ചൻ നിർവ്വഹിച്ചു. ഇടവക തിരുനാളിനോടനുബന്ധിച്ച് പിതൃവേദി അംഗങ്ങൾ വി. യൗസേപ്പ് പിതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് പ്രദിക്ഷണത്തിൽ പങ്കുചേർന്നു.

2018 മാർച്ച് 19 ന് യൗസേപ്പ് പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വയോജന ദിനമായി ആചരിക്കുവാൻ തീരുമാനിച്ചു.


ഈ ഇടവകയിൽ നിന്നും കപ്പാട് മാർ സ്ളീബാ ഇടവകയിലേയ്ക്ക് സ്ഥലം മാറിപ്പോകുന്ന അസി. വികാരി ഫാ. ജോസഫ് അറയ്ക്കപ്പറമ്പിലിന് 9-2-18 ൽ ഉചിതമായ യാത്രയയപ്പ് നൽകി.

**മാത്തുക്കുട്ടി തൊമ്മിത്താഴെ** (സെക്രട്ടറി)



# തിരുസ്സഭയിലെ നവസൂനങ്ങൾ

1. മറിയം ചെങ്ങാലിക്കുഴിയിൽ
2. റോസ്മേരി ചെഞ്ചേരിൽ
3. ജോർജ്ജ് അരീക്കൽത്താഴെ
4. ട്രീസാ പനയ്ക്കൽ
5. മറിയം കാടൻതുരുത്തേൽ



# നമ്മൾ ഒന്നായി

1. നൈസൺ & സാനിയ - തകിടിയേൽ
2. ലിജോ & ലിന്റാ - വരകിൽ
3. ഡോൺ & രേഖ - വേലിയ്ക്കകത്ത്
4. സണ്ണി & മഞ്ചു - കാവുങ്കൽ

# ഓർമ്മകളിലേയ്ക്ക്

1. ജോർജ്ജ് കുമ്പുക്കൽ
2. തോമസ് പള്ളിവാതുക്കൽ
3. **ജോസി** ചിറയ്ക്കലാത്ത്
4. കൊച്ച് കുഴുപ്പള്ളിൽ

# നിയമബോധനം അത്യാവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## ന്യൂനപക്ഷക്ഷേമപദ്ധതികൾ - തുടർച്ച 2

1. **സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് സംസ്ഥാന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ**

- ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി (വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതി)
- വിധവകൾ /വിവാഹബന്ധം വേർപ്പെടുത്തിയവർ/ ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലെ സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി
- സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലനം
- ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്)
- സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്
- സ്വകാര്യ ഐ.റ്റി.ഐ വിദ്യാർത്ഥികൾക്ക് ഫീ- റീ ഇംമ്പേഴ്സ്മെന്റ് സ്കീം.
- ചാർട്ടേർഡ് അക്കൗണ്ടൻസി/ കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
- അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ സ്റ്റെയിപ്പന്റ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി.
- ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി.
- ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും (സി.സി.എം.വൈ) ഉപകേന്ദ്രങ്ങളും.

2. **കേന്ദ്ര ന്യൂനപക്ഷ മന്ത്രാലത്തിന്റെ സാമ്പത്തിക സഹായത്താൽ ന്യൂനപക്ഷ ക്ഷേമവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ**
   മൾട്ടി സെക്ടറൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി)
3. **കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നേരിട്ട് ധനസഹായം അനുവദിക്കുന്ന പദ്ധതികൾ**
   ന്യൂനപക്ഷ വനിതകൾക്ക് നേതൃപരിശീലനം (നയ്റോശ്നി)
   ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം (സീക്കോ ഓർ കമാഓ)

പഠോ പർദേശ്- വിദേശത്ത് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ലോണുകൾക്ക് സബ്സിഡി.
നയി മൻസിൽ - സ്കൂൾ വിദ്യാഭ്യാസം പാതിവഴിയിൽ നിന്നു പോയ ന്യൂനപക്ഷ വിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാഭ്യാസവും തൊഴിലും ഉറപ്പ് വരുത്തുന്ന പദ്ധതി.
മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പ്.
ഫ്രീ കോച്ചിംങ് ആന്റ് അലൈഡ് സ്ക്രീം.

4. **ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധിപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ**
സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ
സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ
കേരള സംസ്ഥാന വഖഫ് ബോർഡ്
കേരള ഹജ്ജ് കാര്യ വകുപ്പ്.

5. **ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് ഇതര വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**
പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, മെറിറ്റ് - കം- മീൻസ് സ്കോളർഷിപ്പ്.
**ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി**
ഒരു വീടിന് രണ്ടര ലക്ഷം രൂപ വീതമാണ് ധനസഹായമായി നൽകുന്നത്.
ജില്ലാ കളക്റേറ്റിലെ ന്യൂനപക്ഷ സെല്ലിൽ അപേക്ഷ സമർപ്പിക്കണം.

**അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തി നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ .**

- റേഷൻ കാർഡിന്റെ പകർപ്പ്.
- അപേക്ഷിക്കുന്ന സാമ്പത്തിക വർഷത്തിൽ സ്വന്തം പേരിലുള്ള വസ്തുവിന്റെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച സ്ഥിര താമസ സർട്ടിഫിക്കററ്.
- വിധയവാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
- വിവാഹമോചിതയാണെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെപകർപ്പ്.
ഉപേക്ഷിക്കപ്പെട്ടവരാണെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടി ഫിക്കറ്റിന്റെ പകർപ്പ്.

(ശേഷം അടുത്ത ലക്കത്തിൽ വായിക്കുക)

# സ്നേഹ സ്മരണയ്ക്ക്



## ജോസി സി. ജെ.

**ചിറയ്ക്കലൊത്ത്**

ജനനം: 22-06-1978

മരണം: 01-02-2018



castillo™
furniture


1st mile, Nariyanani P.O, P.P Road Ponkunnam

Kottayam

Ph: 04828 221188

Mob: +91 9447868098, 9447367688

www.castillofurniture.in